സൂക്ഷിക്കുന്നതിന് 1 രൂപ. ലഗ്ഗേജുകൾ സൂക്ഷിക്കുന്നതിന് 5 രൂപ, പുന്നത്തൂർകോട്ട സന്ദർശിക്കുന്നതിന് പ്രായപൂർത്തിയായവർക്ക് 5 രൂപ, കുട്ടികൾക്ക് 3 രൂപ എന്ന നിരക്കിൽ ഫീസ് ഈടാക്കി വരുന്നു.

(സി) ദേവസ്വം കംഫർട്ട് സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന ഒരു രൂപ എന്നത് മൂന്ന് രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

ദേവസ്വം ബോർഡിന്റെ അനുബന്ധ സ്ഥാപനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടുകൾ

71 (1045)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ബി. വിജയകുമാർ :

ശ്രീ. കെ. ബാബു : താഴെകാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ദേവസ്വം ബോർഡിന്റെയും അതിന് കീഴിലുള്ള സ്ഥാപനങ്ങളുടേയും ഓഡിറ്റ് നടത്തിയ എത്ര റിപ്പോർട്ടുകളിൽ നടപടി എടുക്കുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ റിപ്പോർട്ടുകളിൽ നടപടി എടുക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ഈ ആഡിറ്റ് റിപ്പോർട്ടുകളുടെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ)-(സി) 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപന നിയമത്തിലെ സെക്ഷൻ 102 അനുസരിച്ച് ദേവസ്വം ബോർഡിലേയും ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളിലേയും സ്ഥാപനങ്ങളിലേയും ഓഡിറ്റ് നടത്തുന്നത് ഹൈക്കോടതി നിയമിക്കുന്ന ഓഡിറ്റർമാരാണ്. ഇപ്പോൾ ഓഡിറ്റ് നടത്തി വരുന്നത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പാണ്. ഓരോ വർഷത്തേയും ഓഡിറ്റ് റിപ്പോർട്ട് ഹൈക്കോടതിക്കാണ് സമർപ്പിക്കുന്നത്. അതിന്മേൽ നടപടി എടുക്കുന്നതും ബഹു: ഹൈക്കോടതിയാണ്. സർക്കാരിലേക്ക് ഓഡിറ്റ് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയമത്തിൽ വ്യവസ്ഥകളില്ല. ആയതിനാൽ, ഓഡിറ്റ് റിപ്പോർട്ടുകൾ ഒന്നും സർക്കാരിൽ ലഭ്യമല്ല.

സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം ജോലി നൽകുന്നതിന് നടപടി

72 (1046) ശ്രീ. വി. ബാലറാം :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവനത്തിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി നൽകുന്ന രീതി തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എത്ര പേർക്ക് ഇപ്രകാരം ജോലി നൽകിയെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly